# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **3624** — **20.06.2018-ൽ മറുപടിയ്ക്ക്**

## നാച്ചുറോപ്പതിയുടേയും യോഗയുടേയും പ്രധാന്യം

| | ചോദ്യം<br>ശ്രീ. വി.ആർ. സുനിൽ കുമാർ | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ലോകം ഉറ്റു നോക്കുന്ന ഭാരതത്തിന്റെ ആതുര ശുശ്രൂഷ മേഖലകൾ എന്ന നിലയ്ക്ക് നാച്ചുറോപ്പതിക്കും യോഗയ്ക്കും മതിയായ പ്രാധാന്യം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | ആയുഷ് വകുപ്പിൽ നാച്ചുറോപ്പതി, യോഗ വിഭാഗങ്ങളുടെ ഉന്നമനത്തിന് മതിയായ പ്രാധാന്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ സഹായത്തോടുകൂടി കാസർകോട് ഒരു യോഗ& നാച്ചുറോപ്പതി ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വർക്കലയിലുള്ള നാച്ചുറോപ്പതി ആശുപത്രിയുടെ വികസനത്തിന് ഈ സാമ്പത്തിക വർഷം 4 കോടി രൂപയുടെ ഭരണാനുമതി നൽകി. |
| (ബി) | സംസ്ഥാനത്ത് നാച്ചുറോപ്പതി മെഡിക്കൽ ഓഫീസർമാരുടെ എത്ര തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) & (സി) | വകുപ്പിൽ മെഡിക്കലാഫീസർ (നാച്ചുർക്യൂർ), തസ്തികയിൽ നിലവിൽ ഒഴിവുകളൊന്നും ഇല്ല. |
| (സി) | പ്രസ്തുത ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയതിട്ടുണ്ടോ; | | |
| (ഡി) | 2016 ജൂൺ മാസം നിലവിൽ വന്ന റാങ്ക് ലിസ്റ്റ് 419/16/ഒ.എൽ.ഇ ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേരെ നിയമിച്ചു; ആരേയും നിയമിച്ചില്ലെങ്കിൽ എന്തു-കൊണ്ടെന്ന് വ്യക്തമാക്കുമോ; | | മെഡിക്കലാഫീസർ (നാച്ചുർക്യൂർ) തസ്തികയിൽ ഒഴിവുകളൊന്നും ഉണ്ടാകാത്തതിനാൽ പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകിയിട്ടില്ല. |
| (ഇ) | നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും കൂടുതൽ പേരെ നിയമിക്കുന്ന കാര്യത്തിൽ നടപടി സ്വീകരിക്കുമോ; | | ടി തസ്തികയിൽ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ